1. 3, 8, 13, 18, ... എന്ന ശ്രേണിയുടെ എത്രാമത്തെ പദമാണ് 78 ?
A) 17 B) 15 C) 16 D) 14

2. ലഘൂകരിക്കുക $\frac{(0.2)^4 \times 0.27}{(.03)^3}$
A) 1.6 B) 16 C) 0.16 D) 160

3. രണ്ടു സംഖ്യകൾ 2 : 3 എന്ന അനുപാതത്തിലാണ്. ഇവയിൽ ഓരോന്നിൽ നിന്നും 5 കുറച്ചാൽ അവ 3 : 5 എന്ന അനുപാതത്തിൽ ആവും. എങ്കിൽ ആദ്യത്തെ സംഖ്യ കണ്ടെത്തുക.
A) 20 B) 10 C) 30 D) 50

4. 10 സംഖ്യകളുടെ ശരാശരി 12 ആണ്. ഓരോ സംഖ്യയിൽ നിന്നും 3 വീതം കുറച്ചാൽ പുതിയ ശരാശരി എത്ര ആയിരിക്കും ?
A) 36 B) 15 C) 4 D) 9

5. $3^{x-y} = 2187$ ഉം $3^{x+y} = 243$ ഉം ആണെങ്കിൽ x ന്റെ മൂല്യം എത്ര ?
A) 4 B) –1 C) 6 D) 7

6. അക്സസ് സമയം __________ നെ സൂചിപ്പിക്കുന്നു.
A) സംഭരിച്ച ഡേറ്റാ കണ്ടെത്തുന്നതിനും വീണ്ടെടുക്കുന്നതിനും വേണ്ട സമയം
B) നഷ്ടപ്പെട്ടുപോയ ഡേറ്റ കണ്ടെത്തുന്നതിനുള്ള സമയം
C) ഒരു നിശ്ചിതസ്ഥാനത്ത് സംഭരിച്ച ഡേറ്റ ഡിലീറ്റ് ചെയ്യാൻ വേണ്ട സമയം
D) ഇതൊന്നുമല്ല

7. താഴെ പറയുന്നവയിൽ ഏതാണ് മുൻകൂർ ചെയ്യാത്ത ഷെഡ്യൂളിംഗിന്റെ ഒരുദാഹരണം ?
A) ആദ്യം വരുന്നവർക്ക് ആദ്യം സേവനം നല്കുക
B) റൗണ്ട് റോബിൻ
C) അവസാനത്തേത് ആദ്യം (ലാസ്റ്റ് ഇൻ ഫസ്റ്റ് ഔട്ട്)
D) ഏറ്റവും ചെറിയ ജോലി ആദ്യം

8. ഉപകരണങ്ങൾ പരസ്പരം ബന്ധിപ്പിക്കാത്തതും, ഹബ് ഒരു കേന്ദ്ര കൺട്രോളറായി പ്രവർത്തിക്കുന്നതുമായ നെറ്റ്‌വർക്ക് ടോപ്പോളജി ആണ്
A) മെഷ് B) സ്റ്റാർ C) റിംഗ് D) ട്രീ

9. റോമൻ നമ്പർ സിസ്റ്റം എന്നത്
A) സ്ഥാനപരമായ നമ്പർ സിസ്റ്റം ആണ്
B) സ്ഥാനപരമല്ലാത്ത നമ്പർ സിസ്റ്റം ആണ്
C) രണ്ടും (A) & (B) ശരിയാണ്
D) ഇവയൊന്നുമല്ല

10. ഫ്ലോ ചാർട്ട് ഒരു തരം __________ ആണ്.
A) ഒരു ഡൈമൻഷനൽ ഗ്രാഫിക്സ്
B) ദ്വിമാന ഗ്രാഫിക്സ്
C) ത്രിമാന ഗ്രാഫിക്സ്
D) ഇവയൊന്നുമല്ല

11. കൊടുത്തിരിക്കുന്ന ശ്രേണിയിലെ കാണാതായ പദം കണ്ടെത്തുക.
3, 15, ?, 255, 1023.
A) 45 B) 51 C) 67 D) 63

12. തോക്ക് : ബുള്ളറ്റ് : : ചിമ്മിനി :
A) വെള്ളം B) വീട് C) പുക D) വായു

13. ഒറ്റയാനെ കണ്ടെത്തുക.
1116, 288, 576, 964
A) 964 B) 288 C) 1116 D) 576

14. ഒരു പ്രത്യേക കോഡ്പ്രകാരം TEACHER എന്നത് YJFHMJW എന്ന് എഴുതാം. എങ്കിൽ അതേ കോഡ് പ്രകാരം EDUCATION എന്നത് എങ്ങിനെ എഴുതും ?

A) JLBHFKNTS
B) JHYKFYNES
C) JIZHFYNTS
D) JIHZFYNUS

15. '#' എന്നത് '×' ആണെങ്കിൽ, '@' എന്നത് '÷' ആണെങ്കിൽ, '∧' എന്നത് '+' ആണെങ്കിൽ, '∨' എന്നത് '–' ആണെങ്കിൽ, താഴെ കൊടുത്തിരിക്കുന്നതിന്റെ വില കണ്ടുപിടിക്കുക.

6 # 13 ∧ 45 @ 3 ∨ 7 # 12

A) 147
B) 9
C) 150
D) 14

16. *Dahsala* എന്ന ഭൂമി റവന്യൂ സംവിധാനം സ്ഥാപിച്ചത് ആര് ?

A) ഇൽത്തുമിഷ്
B) ഷേർ ഷാ
C) അക്ബർ
D) ഔറംഗസേബ്

17. താഴെ പറയുന്ന കൂട്ടുകെട്ടുകളിൽ ഏതാണ് ഒന്നാം ലോകമഹായുദ്ധത്തിന്റെ ഫലങ്ങൾ ശരിയായി പ്രതിനിധീകരിക്കുന്നത് ?

A) ഹബ്സ്ബർഗ് സാമ്രാജ്യത്തിന്റെ തകർച്ച, റഷ്യൻ വിപ്ലവം, ഐക്യരാഷ്ട്രസഭ
B) റഷ്യൻ വിപ്ലവം, ഐക്യരാഷ്ട്രസഭ, ജർമ്മനിയിലെ കലാപം
C) ഹബ്സ്ബർഗ് സാമ്രാജ്യത്തിന്റെ തകർച്ച, റഷ്യൻ വിപ്ലവം, ലീഗ് ഓഫ് നേഷൻസ്
D) ജർമ്മനിയിലെ കലാപം, ഹബ്സ്ബർഗിന്റെ തകർച്ച, ഐക്യരാഷ്ട്രസഭ

18. താഴെ പറയുന്ന പ്രസ്താവനകൾ വായിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.

**പ്രസ്താവന 1** : ദേശീയ പരമാധികാരമെന്ന അവകാശവാദമായാണ് ഫ്രഞ്ചുവിപ്ലവം തുടങ്ങിയത്.

**പ്രസ്താവന 2** : സ്വയം പ്രതിരോധം അല്ലാതെ ഫ്രാൻസിന് ഒരിക്കലും യുദ്ധം ജയിക്കാനാവില്ലെന്ന് 1790 ലെ ദേശീയ അസംബ്ളി അവകാശപ്പെട്ടു.

A) രണ്ടു പ്രസ്താവനകളും ശരിയാണ്
B) ഒന്നാമത്തെ പ്രസ്താവന മാത്രമാണ് ശരി
C) രണ്ടാമത്തെ പ്രസ്താവന മാത്രമാണ് ശരി
D) രണ്ടു പ്രസ്താവനകളും തെറ്റാണ്

19. സ്വേച്ഛാധിപത്യത്തിന് അനുകൂലമായി പാർലമെന്ററി ജനാധിപത്യം ഉപേക്ഷിക്കുക എന്ന ആശയം എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു ?

A) അമേരിക്കൻ വിപ്ലവം
B) ഫ്രഞ്ച് വിപ്ലവം
C) റഷ്യൻ വിപ്ലവം
D) മുകളിൽ കൊടുത്തിരിക്കുന്നതിൽ ഒന്നുമല്ല

20. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ജവഹർലാൽ നെഹ്റുവിന്റെ വികസന തന്ത്രത്തിന്റെ മൂന്ന് തൂണുകൾ ഏവ ?

A) അതിവേഗ വ്യവസായ, കാർഷിക വളർച്ചയുടെ ആസൂത്രണം, തന്ത്രപരമായ വ്യവസായങ്ങൾക്കായി ഒരു സ്വകാര്യ മേഖല, ഒരു സമ്മിശ്ര വ്യവസ്ഥ.
B) അതിവേഗ വ്യവസായ, കാർഷിക വളർച്ചയുടെ ആസൂത്രണം, തന്ത്രപരമായ വ്യവസായങ്ങൾക്കായി ഒരു പൊതുമേഖല, ഒരു സമ്മിശ്ര സമ്പദ്വ്യവസ്ഥ
C) അതിവേഗ വ്യവസായ കാർഷിക വളർച്ചയുടെ ആസൂത്രണം, തന്ത്രപരമായ വ്യവസായങ്ങൾക്കായി ഒരു സ്വകാര്യ മേഖല, ഒരു മുതലാളിത്ത സമ്പദ്വ്യവസ്ഥ.
D) അതിവേഗ വ്യവസായ, കാർഷിക മേഖലയുടെ ആസൂത്രണം, തന്ത്രപരമായ വ്യവസായങ്ങൾക്കായി ഒരു സ്വകാര്യ മേഖല, ഒരു സോഷ്യലിസ്റ്റ് സമ്പദ്വ്യവസ്ഥ

21. എഡ്വിൻ 11 മണിക്കൂറിൽ ഒരു യാത്ര പൂർത്തിയാക്കുന്നു. തന്റെ യാത്രയുടെ ആദ്യ പകുതി 20 കി. മീ./മണിക്കൂറിലും രണ്ടാം പകുതി 24 കി. മീ./മണിക്കൂറിലും ആണ് യാത്ര ചെയ്തത് എങ്കിൽ, എഡ്വിൻ സഞ്ചരിച്ച ദൂരം കിലോമീറ്ററിൽ കണ്ടെത്തുക.

A) 200
B) 220
C) 260
D) 240



KAS Mentor TM

22. 2 സ്ത്രീകളും 5 പുരുഷന്മാരും ചേർന്ന് 4 ദിവസം കൊണ്ട് പൂർത്തിയാക്കുന്ന ജോലി 3 സ്ത്രീകളും 6 പുരുഷന്മാരും ചേർന്ന് 3 ദിവസം കൊണ്ട് പൂർത്തിയാക്കും. എങ്കിൽ 1 പുരുഷൻ അതേ ജോലി പൂർത്തിയാക്കാൻ എത്ര ദിവസം എടുക്കും ?
A) 36 B) 18 C) 38 D) 20

23. 5.2 സെന്റീമീറ്റർ വ്യാസമുള്ള ഒരു ലോഹഗോളം ഉരുക്കി 5.2 സെന്റീമീറ്റർ ആരമുള്ള ഒരു സിലിണ്ടർ നിർമ്മിക്കുന്നു. സിലിണ്ടറിന്റെ ഉയരം കണ്ടുപിടിക്കുക.
A) 20.8 B) 5.2 C) 10.4 D) 2.6

24. കിരൺ ഒരു സ്വകാര്യ സാമ്പത്തിക സ്ഥാപനത്തിൽ ജോലി ചെയ്യുകയായിരുന്നു. അദ്ദേഹം 12% വാർഷിക പലിശനിരക്കിൽ 50,000/- രൂപ അർദ്ധവാർഷിക കാലയളവിൽ സംയുക്തമായി നിക്ഷേപിച്ചു. 1 വർഷത്തിനുശേഷം കിരണിന് തിരികെ ലഭിക്കുന്ന തുക എത്ര ?
A) 56,200 രൂപ B) 56,180 രൂപ C) 55,000 രൂപ D) 57,180 രൂപ

25. നിവിൻ 500 രൂപ കൊടുത്ത് ഒരു വാച്ച് വാങ്ങി, ശേഷം 10% ലാഭത്തിൽ ഷിനോയിക്ക് വിറ്റു. ഷിനോയി അത് 20% നഷ്ടത്തിൽ ജെനുവിനും, ജെനു 10% നഷ്ടത്തിൽ ജീവനും മറിച്ചു വിറ്റു. എങ്കിൽ ജീവൻ വാച്ചിന് കൊടുത്ത വില എത്ര ?
A) 484 രൂപ B) 396 രൂപ C) 384 രൂപ D) 480 രൂപ

26. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബഡ്ജറ്റ് മാനേജ്മെന്റ് ആക്ട് (FRBMA – 2003) മായി ബന്ധപ്പെട്ട് താഴെ പറയുന്ന ലക്ഷ്യങ്ങളിൽ ഏതാണ് ശരിയായിട്ടുള്ളത് ?
(i) ധനക്കമ്മി GDP യുടെ 5% ആയി കുറയ്ക്കണം.
(ii) റവന്യൂകമ്മി പൂർണ്ണമായി ഇല്ലാതാക്കണം.
(iii) സാമ്പത്തിക പ്രവർത്തനങ്ങളിൽ കൂടുതൽ സുതാര്യത വേണം.
A) (i) ഉം (ii) ഉം മാത്രം
B) (ii) ഉം (iii) ഉം മാത്രം
C) (i) ഉം (iii) ഉം മാത്രം
D) മുകളിൽ പറഞ്ഞത് എല്ലാം (i, ii and iii)

27. താഴെ പറയുന്ന ഡാറ്റയിൽ നിന്ന് ഫാക്ടർ വിലയ്ക്ക് NNP കണക്കാക്കുക.
NNPയുടെ വിപണിവില : രൂപ 5,000 കോടി, പരോക്ഷ നികുതി : രൂപ 400 കോടി, സബ്സിഡി : രൂപ 200 കോടി.
A) രൂപ : 5,600 കോടി
B) രൂപ : 5,200 കോടി
C) രൂപ : 4,800 കോടി
D) രൂപ : 4,400 കോടി

28. ക്രെഡിറ്റ് നിയന്ത്രിക്കാൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഉപയോഗിക്കുന്ന ഉപകരണങ്ങൾ താഴെ പറയുന്നവയിൽ ഏതൊക്കെ ?
(i) ബാങ്ക് നിരക്ക്.
(ii) വേരിയബിൾ റിസേർവ്വ് ആവശ്യങ്ങൾ (CRR&SLR).
(iii) തുറന്ന വിപണി പദ്ധതികൾ.
മേൽ പറഞ്ഞവയിൽ ശരി ഏത്/ഏവ ?
A) എല്ലാം ശരിയാണ് B) (i) ഉം (ii) ഉം C) (ii) ഉം (iii) ഉം D) എല്ലാം തെറ്റാണ്

29. ഇന്ത്യയുടെ ചില പഞ്ചവത്സര പദ്ധതികളുടെ പ്രധാന ലക്ഷ്യങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവയുടെ ആരോഹണ ക്രമം/കാലക്രമ പട്ടിക ഏതാണ് ?
(i) സമഗ്ര വളർച്ച
(ii) ദ്രുതഗതിയിലെ വ്യവസായ വത്ക്കരണം
(iii) കാർഷിക വികസനം
(iv) ദാരിദ്ര നിർമ്മാർജ്ജനം
A) (iii), (ii), (i), (iv)
B) (iii), (ii), (iv), (i)
C) (ii), (iii), (iv), (i)
D) (iii), (iv), (ii), (i)

30. 2020 ലെ സാമ്പത്തികശാസ്ത്രത്തിലെ നോബൽ പുരസ്ക്കാരത്തിന് പോൾ ആർ മിൽഗ്രോമും, റോബർട്ട് ബി. വിൽസണും അർഹരായത് അവരുടെ ഏത് സംഭാവനയ്ക്ക് ആണ് ?
   A) ലേല സിദ്ധാന്തത്തിന്റെ പുനർനിർമ്മിതിക്കും പുതിയ ലേല ഫോർമാറ്റിന്റെ കണ്ടുപിടിത്തത്തിനും
   B) പെരുമാറ്റ സാമ്പത്തിക ശാസ്ത്രം
   C) മാക്രോ എക്ണോമിക്സിനെ ദീർഘകാലം വിശകലനം ചെയ്യുവാനുള്ള സംയോജിത സാങ്കേതികവിദ്യകളുടെ കണ്ടുപിടിത്തത്തിന്
   D) ആഗോള ദാരിദ്ര്യം ലഘൂകരിക്കുന്നതിനുള്ള പരീക്ഷണാത്മക സമീപനത്തിന്

31. 2021 ൽ ദേശീയ സംയോജനത്തേക്കുറിച്ചുള്ള മികച്ച ചിത്രത്തിനുള്ള അവാർഡ് നേടിയ ചിത്രം ഏത് ?
   A) മഹർഷി B) താജ്മഹൽ C) അസുരൻ D) പിംഗാര

32. താഴെ പറയുന്ന പ്രസ്താവനകളിൽ കോവാക്സിനെ സംബന്ധിച്ച് ശരിയായത്/ശരിയായവ ഏത് ?
   (i) കോവാക്സിൻ കോവിഡ് –19 നെതിരെ നിർമ്മിച്ച ഇന്ത്യയുടെ തദ്ദേശീയ വാക്സിൻ ആണ്.
   (ii) ഇതൊരു ഇൻട്രാനേസൽ (മൂക്കിനകത്ത് ഉപയോഗിക്കുന്ന) വാക്സിൻ ആണ്.
   (iii) സീറം ഇൻസ്റ്റിറ്റ്യൂട്ട് ആണ് ഇത് വികസിപ്പിച്ചെടുത്തത്.
   A) (i) മാത്രം
   B) (i) ഉം (ii) ഉം മാത്രം
   C) (i) ഉം (iii) ഉം മാത്രം
   D) മുകളിൽ പറഞ്ഞവ എല്ലാം (i, ii and iii)

33. 'മാണിക ബത്ര' താഴെ പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?
   A) സ്ക്വാഷ് B) ബില്യാർഡ്സ് C) ടേബിൾ ടെന്നീസ് D) ക്രിക്കറ്റ്

34. 'അസുര : കീഴടക്കിയവരുടെ കഥ' എഴുതിയത് ആര് ?
   A) ശശി തരൂർ
   B) അരവിന്ദ് അഡിഗ
   C) അനീസ് സലിം
   D) ആനന്ദ് നീലകണ്ഠൻ

35. ആരാണ് 'വല സമുദായ പരിഷ്ക്കരണി സഭ' ആരംഭിച്ചത് ?
   A) വാഗ്ഭടാനന്ദൻ
   B) ബ്രഹ്മാനന്ദ ശിവയോഗി
   C) പണ്ഡിറ്റ് കെ. പി. കറുപ്പൻ
   D) വൈകുണ്ഠസ്വാമികൾ

36. റാം മാധവന്റെ പുത്രന്റെ പുത്രന്റെ സഹോദരൻ ആണ്. എങ്കിൽ റാം മാധവന്റെ ആരാണ് ?
   A) കസിൻ
   B) ഗ്രാന്റ്ഫാദർ (വല്യച്ഛൻ)
   C) കൊച്ചുമകൻ(ഗ്രാന്റ്സൺ)
   D) അമ്മാവൻ (അങ്കിൾ)

37. ഒരു ക്ലോക്കിലെ സമയം കണ്ണാടിയിൽ 7.10 എന്നു കാണിക്കുന്നു. എങ്കിൽ ക്ലോക്കിൽ കാണിച്ച യഥാർത്ഥ സമയം എത്ര ?
   A) 4.50 B) 5.45 C) 5.50 D) 4.40

38. ഒരു ഘടികാരത്തിന്റെ മിനിട്ട് സൂചി 35 മിനുട്ടിൽ കാണിക്കുന്ന കോണിന്റെ അളവെത്ര ?
   A) 200° B) 195° C) 170° D) 210°

39. ഫെബ്രുവരി 1, 2008 ഒരു ബുധനാഴ്ച ആണെങ്കിൽ, മാർച്ച് 4, 2008 ഏതു ദിവസം ആയിരിക്കും ?
   A) ശനിയാഴ്ച B) ഞായറാഴ്ച C) ബുധനാഴ്ച D) തിങ്കളാഴ്ച

40. 'P' എന്നത് 'Q' വിന്റെ തെക്കു ഭാഗത്തും 'R' എന്നത് Q' ന്റെ പടിഞ്ഞാറു ഭാഗത്തും ആണെങ്കിൽ 'P', 'R' ന്റെ ഏതു ദിശയിൽ ആയിരിക്കും ?
   A) തെക്ക് – പടിഞ്ഞാറ്
   B) വടക്ക് – കിഴക്ക്
   C) തെക്ക് – കിഴക്ക്
   D) വടക്ക് – പടിഞ്ഞാറ്

41. ഇന്ത്യൻ ബഹിരാകാശ ഗവേഷണ സംഘടന രൂപീകരിച്ച വർഷം.
   A) 1962 B) 1960 C) 1969 D) 1966

42. ലോക ജലദിനം എന്നാണ് ?

A) മാർച്ച് 24
B) ആഗസ്റ്റ് 8
C) ജൂൺ 7
D) മാർച്ച് 22

43. 2008 ലെ ഐ. ടി. ആക്റ്റ് 66 എ വകുപ്പ് ____________ മായി ബന്ധപ്പെട്ടിരിക്കുന്നു.

A) ആക്ഷേപകരമായ സന്ദേശങ്ങൾ അയയ്ക്കുക
B) കമ്പ്യൂട്ടർ സിസ്റ്റം ഹാക്കിംഗ്
C) രേഖകൾ സൂക്ഷിക്കുന്നതിലെ പരാജയം
D) മറ്റൊരാളുടെ പാസ്‌വേഡ് ഉപയോഗിക്കുക

44. സീറോളജി ടെസ്റ്റ് ബന്ധപ്പെട്ടു കിടക്കുന്നത്.

A) മലേറിയ പരിശോധന
B) കോവിഡ് – 19 ആന്റിബോഡി പരിശോധന
C) തലവേദന
D) മുകളിൽ കൊടുത്തിരിക്കുന്നവയിൽ ഒന്നും അല്ല

45. ലൂയിസ് പാസ്റ്റർ ആദ്യം വാക്സിൻ കണ്ടുപിടിച്ചത് ഏതു രോഗത്തെ പ്രതിരോധിക്കാനാണ് ?

A) റേബീസ്
B) കോളറ
C) ആന്ത്രാക്സ്
D) മുകളിൽ കൊടുത്തിരിക്കുന്നവയെല്ലാം

46. താഴെ പറയുന്നവയിൽ ഏതു പ്രസ്താവനയാണ് ആപേക്ഷിക ഈർപ്പത്തേക്കുറിച്ചു ശരിയായിട്ടുള്ളത് ?

(i) അന്തരീക്ഷത്തിൽ എത്രമാത്രം നീരാവി ഉണ്ടെന്നത് ആകെ ഉണ്ടായേക്കാവുന്നതിന്റെ നിശ്ചിത ശതമാനമാണ്.
(ii) കുറഞ്ഞ ആപേക്ഷിക ഈർപ്പം താരതമ്യേന വരണ്ട അന്തരീക്ഷ അവസ്ഥയെ സൂചിപ്പിക്കുന്നു. എന്നാൽ ഉയർന്ന ആപേക്ഷിക ഈർപ്പം താരതമ്യേന ഈർപ്പമുള്ള അന്തരീക്ഷത്തെ സൂചിപ്പിക്കുന്നു.
(iii) ആപേക്ഷിക ഈർപ്പം കൂടുതൽ ഉള്ളപ്പോൾ താരതമ്യേന വളരെ കുറച്ചു ജലം മാത്രമേ ത്വക്കിൽ നിന്നും ബാഷ്പീകരിക്കപ്പെടുന്നുള്ളൂ. കാരണം, ചുറ്റുമുള്ള അന്തരീക്ഷം താരതമ്യേന ഈർപ്പമുള്ളതും, അത് ചർമ്മത്തിന്റെ ഉപരിതലത്തിൽ കൂടുതൽ ചൂട് ഉണ്ടാക്കുന്നതും ആണ്.

A) (i) ഉം (ii) ഉം മാത്രം
B) (i) ഉം (iii) ഉം മാത്രം
C) (ii) ഉം (iii) ഉം മാത്രം
D) മുകളിൽ പറഞ്ഞവയെല്ലാം (i, ii, iii)

47. താഴെ പറയുന്നവയിൽ ഏതാണ് പെരിയാർ നദിയുടെ പോഷക നദികൾ ?

1) മംഗലപ്പുഴ
2) ഇടമലയാർ
3) ഗായത്രിപ്പുഴ

താഴെ പറയുന്ന കോഡ് ഉപയോഗിച്ച് ഉത്തരം കണ്ടെത്തുക.

A) 1 ഉം 2 ഉം മാത്രം
B) 1 ഉം 3 ഉം മാത്രം
C) 2 ഉം 3 ഉം മാത്രം
D) 1 ഉം 2 ഉം 3 ഉം

48. I ഉം II ഉം ലിസ്റ്റിലെ പേരുകൾ ചേരുംപടിചേർത്ത്, കൊടുത്തിരിക്കുന്ന കോഡുപയോഗിച്ച് ഉത്തരം കണ്ടെത്തുക.

| ലിസ്റ്റ് – I (ഹിമാലയത്തിലെ ഡിവിഷനുകൾ) | ലിസ്റ്റ് – II (നദികൾ) |
|---|---|
| a) പഞ്ചാബ് ഹിമാലയം | 1) സത്‌ലെജ് ടു കാളി |
| b) കുമോൺ ഹിമാലയം | 2) ഇൻഡസ് ടു സത്‌ലെജ് |
| c) നേപ്പാൾ ഹിമാലയം | 3) ടിസ്റ്റ ടു ബ്രഹ്മപുത്ര |
| d) ആസാം ഹിമാലയം | 4) കാളി ടു ടിസ്റ്റ |

| | (a) | (b) | (c) | (d) |
|---|---|---|---|---|
| A) | 4 | 2 | 1 | 3 |
| B) | 2 | 1 | 4 | 3 |
| C) | 2 | 4 | 3 | 1 |
| D) | 1 | 2 | 3 | 4 |

49. കാറ്റിന്റെ ദിശയേയും ഗതിയേയും ബാധിക്കുന്ന ഘടകങ്ങൾ ഏതൊക്കെ ആണ് ?
   1) മർദ്ധവ്യത്യാസങ്ങൾ.
   2) കൊറിയോലിസ് ഇഫക്ട്.
   3) ഘർഷണം.
   താഴെ കൊടുത്തിരിക്കുന്ന കോഡ് ഉപയോഗിച്ച് ശരിയായ ഉത്തരം തിരഞ്ഞെടുക്കുക.
   A) 2 ഉം 3 ഉം മാത്രം B) 1 ഉം 3 ഉം മാത്രം C) 1 ഉം 2 ഉം മാത്രം D) 1, 2 & 3

50. താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിക്കുക.
   1) തീവ്രമായ ഭൂകമ്പ പ്രവർത്തനം ലിത്തോസ്ഫെറിക് പ്ലേറ്റ് അതിരുകളിൽ സംഭവിക്കുന്നു.
   2) ഒത്തുചേരുന്ന ലിത്തോസ്ഫെറിക് പ്ലേറ്റ് അതിരുകളുടെ സമുദ്രഫലകങ്ങൾ സബ്ഡക്ഷന് വിധേയമാവുന്നു.
   മേൽ പറഞ്ഞവയിൽ ശരിയായത് ഏത്/ഏവ ?
   A) 1 മാത്രം
   B) 2 മാത്രം
   C) 1 ഉം 2 ഉം ശരി
   D) 1 ഉം 2 ഉം തെറ്റ്

51. താഴെ പറയുന്നവയിൽ ഏതാണ് കേരളത്തിലെ സാമൂഹിക പരിഷ്ക്കരണ പ്രസ്ഥാനത്തെ സംബന്ധിച്ച ശരിയായ പ്രസ്താവന ?
   (i) പാശ്ചാത്യരുടെ സ്വാധീനത്തിൽ മധ്യവർഗ്ഗമാണ് ഇത് ആരംഭിക്കുകയും നയിക്കുകയും ചെയ്തത്.
   (ii) അവർക്ക് പരമ്പരാഗത സ്ഥാപനങ്ങൾ, വിശ്വാസങ്ങൾ, സാമൂഹിക ബന്ധങ്ങൾ എന്നിവയോട് വിമർശനാത്മക മനോഭാവം ഉണ്ടായിരുന്നു.
   (iii) അവർ ജാതിവ്യവസ്ഥയെ അപൂർവ്വമായി വിമർശിച്ചു.
   A) (i) ഉം (ii) ഉം മാത്രം
   B) (i) ഉം (iii) ഉം മാത്രം
   C) (ii) ഉം (iii) ഉം മാത്രം
   D) മേൽപ്പറഞ്ഞവ എല്ലാം (i, ii and iii)

52. അഭിനവ ഭാരത യുവക് സംഘം സ്ഥാപിച്ചത് ആര് ?
   A) ഇ. എം. എസ്. നമ്പൂതിരിപ്പാട്
   B) പി. കൃഷ്ണൻ പിള്ള
   C) കെ. ദാമോദരൻ
   D) എ. വി. കുഞ്ഞമ്പു

53. 1930 കളിൽ സ്ത്രീകൾ കൂടുതലായി പങ്കെടുത്ത കേരളത്തിലെ രാഷ്ട്രീയ സംഭവങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. അവയിൽ ശരിയായ പൊരുത്തം തിരഞ്ഞെടുക്കുക.
   (i) ഗാന്ധിജിയുടെ കൺസ്ട്രക്റ്റീവ് പ്രോഗ്രാം – ടി. സി. കൊച്ചുകുട്ടി അമ്മ
   (ii) ചാലപ്പുറം ഗവൺമെന്റ് സ്കൂളിലെ വിദ്യാർത്ഥിനികളുടെ സമരം – ജയലക്ഷ്മി
   (iii) ക്ഷേത്രപ്രവേശന പരിപാടി – പി. എം. കമലാവതി
   A) മുകളിൽ പറഞ്ഞവ എല്ലാം
   B) (i) മാത്രം ശരിയാണ്
   C) (i) ഉം (iii) ഉം മാത്രം ശരിയാണ്
   D) (ii) ഉം (iii) ഉം മാത്രം ശരിയാണ്

54. ബംഗാൾ വിഭജനവുമായി ബന്ധപ്പെട്ട്, താഴെ പറയുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?
   (i) ബംഗാൾ പ്രവിശ്യ വിഭജിക്കാനുള്ള ഉത്തരവ് കർസൺ പ്രഭു പുറപ്പെടുവിച്ചു.
   (ii) ഇത് ദേശീയതയുടെ വർദ്ധിച്ചു വരുന്ന വേലിയേറ്റം തടയാൻ ഉദ്ദേശിച്ചുള്ളത് ആയിരുന്നു.
   (iii) മതപരമായ അടിസ്ഥാനത്തിൽ ഇന്ത്യക്കാരെ വിഭജിക്കാനുള്ള ശ്രമമായി അതിനെ ഇന്ത്യൻ ദേശീയവാദികൾ കണ്ടില്ല.
   A) എല്ലാം ശരിയാണ്
   B) (i) ഉം (ii) ഉം മാത്രം
   C) (i) ഉം (iii) ഉം മാത്രം
   D) (ii) ഉം (iii) ഉം മാത്രം

55. 1975 ൽ അടിയന്തിരാവസ്ഥ പുറപ്പെടുവിച്ചതിനേക്കുറിച്ച് താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന ഏതാണ് ?
   (i) ഭരണഘടനയുടെ 352-ാം വകുപ്പ് പ്രകാരമാണ് ഇത് ചുമത്തിയത്.
   (ii) അടിയന്തിരാവസ്ഥയുടെ പ്രഖ്യാപനം ഭരണഘടനയുടെ മൗലികാവകാശങ്ങളും, ഫെഡറൽ വ്യവസ്ഥകളും, പൗരാവകാശങ്ങളും താത്ക്കാലികമായി നിർത്തിവച്ചു.
   (iii) ഉത്തരവുകളുടേയും, നിയമങ്ങളുടേയും ഭരണഘടനാ ഭേദഗതികളുടേയും പരമ്പരകൾ എക്സിക്യൂട്ടീവിന്റെ പ്രവർത്തനം പരിശോധിക്കാനുള്ള ജുഡീഷ്യറിയുടെ അധികാരം കുറച്ചു.

   A) (i) ഉം (ii) ഉം മാത്രം
   B) (i) ഉം (iii) ഉം മാത്രം
   C) (ii) ഉം (iii) ഉം മാത്രം
   D) മുകളിൽ പറഞ്ഞവയെല്ലാം (i, ii, iii)

56. തിരഞ്ഞെടുപ്പ് ഫോട്ടോ തിരിച്ചറിയൽ കാർഡിന്റെ പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റ് പതിപ്പ് ഏതാണ് ?
   A) E-EPIC
   B) E-EPID
   C) e-EPIC
   D) EEPIC

57. ഇലക്ടറൽ ബോണ്ടുകൾ ഇഷ്യൂ ചെയ്യുന്നതിനും എൻക്യാഷ് ചെയ്യുന്നതിനും അംഗീകാരമുള്ള ഇന്ത്യയുടെ ബാങ്ക് ഏതാണ് ?
   A) റിസർവ്വ് ബാങ്ക് ഓഫ് ഇൻഡ്യ
   B) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ
   C) യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ
   D) മുകളിൽ പറഞ്ഞവയെല്ലാം

58. അധികാരങ്ങളുടെ വിഭജനം എന്ന പദം സൂചിപ്പിക്കുന്നത്
   (i) ഒരു വ്യക്തി ഗവൺമെന്റിന്റെ ഒന്നിലധികം കാര്യങ്ങളുടെ ഭാഗമാവരുത്.
   (ii) ഗവൺമെന്റിന്റെ ഒരു കാര്യം/ഭാഗം മറ്റു ഭാഗങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടുകയോ, നിയന്ത്രിക്കുകയോ ചെയ്യരുത്.
   (iii) ഗവൺമെന്റിന്റെ ഒരു ഭാഗം മറ്റൊരു ഭാഗത്തിന്റെ പ്രവർത്തന വ്യവഹാരം ചെയ്യരുത്.

   A) (i) ഉം (ii) ഉം
   B) (i) ഉം (iii) ഉം
   C) (ii) ഉം (iii) ഉം
   D) മുകളിൽ പറഞ്ഞത് എല്ലാം

59. ഇന്ത്യൻ ഭരണഘടനയുടെ ____________ അധികാര സ്രോതസ് ഇന്ത്യൻ ജനങ്ങളാണെന്ന് സൂചിപ്പിക്കുന്നു.
   A) ആർട്ടിക്കിൾ 1
   B) പരമാധികാരി എന്ന വാക്ക്
   C) ആമുഖം
   D) ഭാഗം III

60. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യയിലെ ക്ലാസിക്കൽ ഭാഷ അല്ലാത്തത് ?
   A) ഹിന്ദി
   B) ഒഡിയ
   C) മലയാളം
   D) തമിഴ്

61. താഴെ പറയുന്ന പ്രസ്താവനകളിൽ ഏത്/ഏവ ആണ് പോസ്കോ (POSCO) യെക്കുറിച്ച് ശരിയായിട്ടുള്ളത് ?
   (i) ലൈംഗിക പീഡന കുറ്റകൃത്യങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള പ്രത്യേക നിയമം.
   (ii) പോസ്കോക്ക് ലിംഗഭേദമില്ല/നിഷ്പക്ഷമാണ്.
   (iii) കേസുകളുടെ ഇൻ-ക്യാമറ ട്രയൽ.

   A) (i) ഉം (ii) ഉം മാത്രം
   B) (i) ഉം (iii) ഉം മാത്രം
   C) (ii) ഉം (iii) ഉം മാത്രം
   D) മുകളിൽ പറഞ്ഞവ എല്ലാം (i, ii and iii)

62. 'സോളമന്റെ തേനീച്ചകൾ' എന്ന ഓർമ്മക്കുറിപ്പുകൾ' എഴുതിയത് ആരാണ് ?
A) ബന്യാമിൻ
B) ജസ്റ്റിസ് കെ. ടി. തോമസ്
C) സക്കറിയ
D) ജസ്റ്റിസ് സിറിയക് ജോസഫ്

63. ഇന്ത്യയിലെ ഏതു സംസ്ഥാനത്താണ് മണ്ണിനെ പ്രതിരോധിക്കാൻ കഴിവുള്ള ഹാന്റ് ബ്ലോക്ക് അച്ചടിയായ ഡാബു പ്രിന്റിംഗ് കാണാൻ സാധിക്കുന്നത് ?
A) തമിഴ്നാട്
B) കർണാടക
C) രാജസ്ഥാൻ
D) ഗുജറാത്ത്

64. യുനെസ്കോയുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന, മാനവീക പൈതൃകം വിളിച്ചോതുന്ന കേരളത്തിലെ രണ്ടാമത്തെ കലാരൂപം ഏത് ?
A) മുടിയേറ്റ്
B) കഥകളി
C) കൂടിയാട്ടം
D) രാമനാട്ടം

65. താഴെ പറയുന്നവയിൽ ഏതാണ് ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ അവകാശങ്ങളിൽ പെടാത്തത് ?
A) രാഷ്ട്രീയ പാർട്ടികൾക്ക് ചിഹ്നങ്ങൾ അനുവദിക്കാനുള്ള അവകാശം
B) വോട്ടെടുപ്പ് ചെലവുകൾക്ക് പരിധി നിശ്ചയിക്കാനുള്ള അവകാശം
C) തിരഞ്ഞെടുപ്പിന്റെ ഷെഡ്യൂൾ തീരുമാനിക്കാനുള്ള അവകാശം
D) തിരഞ്ഞെടുപ്പിൽ എത്ര പാർട്ടികൾക്ക് മത്സരിക്കാൻ കഴിയും എന്ന് തീരുമാനിക്കാനുള്ള അവകാശം

66. താഴെ പറയുന്ന ഏത് സംസ്ഥാനത്തിന്റെ അല്ലെങ്കിൽ സംസ്ഥാനങ്ങളുടെ മേലാണ് ഗുവാഹത്തി ഹൈക്കോടതിക്ക് അധികാരമുള്ളത് ?
(i) ആസാം
(ii) നാഗാലാന്റ്
(iii) അരുണാചൽ പ്രദേശ്
(iv) മിസോറാം
A) (i) മാത്രം
B) (i) ഉം (iii) ഉം മാത്രം
C) (i) ഉം (ii) ഉം (iii) ഉം മാത്രം
D) മുകളിൽ പറഞ്ഞവ എല്ലാം

67. താഴെ പറയുന്ന പ്രസ്താവനകൾ പരിഗണിച്ച് അതിൽ തെറ്റായത്/തെറ്റായവ കണ്ടുപിടിക്കുക.
(i) ഇന്ത്യൻ പാർലമെന്റിന്റെ അപ്പർ ചേംബർ ഒരു സ്ഥിരം സഭയാണ്.
(ii) രാജ്യസഭയിലെ എല്ലാ അംഗങ്ങളേയും തിരഞ്ഞെടുക്കുന്നത് ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിലാണ്.
(iii) അതിന്റെ ചെയർമാൻ അതിന്റെ അംഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നു.
A) (i) ഉം (ii) ഉം മാത്രം
B) (i) ഉം (iii) ഉം മാത്രം
C) (ii) ഉം (iii) ഉം മാത്രം
D) മുകളിൽ പറഞ്ഞവയൊന്നുമല്ല

68. മൗലീക അവകാശങ്ങൾ എന്നാൽ
(i) ന്യായീകരിക്കാവുന്നവ.
(ii) സമ്പൂർണ്ണമായവ.
(iii) നെഗറ്റീവോ പോസിറ്റീവോ ആകാം.
(iv) ഭേദഗതി വരുത്താവുന്നവ.
A) എല്ലാം ശരിയാണ്
B) (ii) മാത്രം തെറ്റാണ്
C) (ii) ഉം (iv) ഉം തെറ്റാണ്
D) (i) മാത്രം ശരിയാണ്

69. ലോക്പാലിന്റെ ആദ്യത്തെ ചെയർപേർസൺ ആരാണ് ?
A) ജസ്റ്റിസ് പിനാകി ചന്ദ്ര ഘോഷ്
B) ജസ്റ്റിസ് പ്രദീപ് കുമാർ മൊഹന്തി
C) ഡോ. ഇന്ദ്രജീത് പ്രസാദ് ഗൗതം
D) ശ്രീമതി ജസ്റ്റിസ് അഭിലാഷ കുമാരി

70. ഇന്ത്യൻ ഭരണഘടനയുടെ പാർട്ട് IX A ചേർത്തത് താഴെ പറയുന്നവയിൽ ഏതു വഴിയാണ് ?
A) 73-ാം ഭരണഘടനാ ഭേദഗതി
B) 74-ാം ഭരണഘടനാ ഭേദഗതി
C) 72-ാം ഭരണഘടനാ ഭേദഗതി
D) മുകളിൽ പറഞ്ഞവയൊന്നുമല്ല



TM KAS Mentor

71. In order to travel, you need a passport. ____________ , you might need a visa, immunisation jabs, and fulfil quarantine conditions.
Complete the sentence using the most appropriate connective.
A) in addition
B) in short
C) in case
D) in spite of

72. I have seen her _________ times this year, but not very often.
Complete the sentence using the right.
A) a little
B) much
C) a few
D) many

73. When I got to the hospital, she __________ (sit) in the waiting room.
Choose the correct tense form.
A) sat
B) is sitting
C) was sitting
D) will sit

74. I will wait until I ____________ (see) him.
Choose the correct tense form.
A) see
B) will see
C) has seen
D) saw

75. 1. I must remember to pack a holiday book.
2. My mum says that we must pack soon.
3. We are going on a holiday to the sea coast.
4. I am really looking forward to it.
Rearrange the jumbled sentences in a logical manner.
A) 3, 4, 2, 1
B) 3, 2, 1, 4
C) 2, 1, 3, 4
D) 3, 1, 2, 4

76. a) The ball hit me straight in the _____________
b) I tried to thread the cotton through the ___________ of the needle.
Choose the right word to fit both sentences.
A) head
B) face
C) eye
D) nail

77. Great oaks from little acorns grow.

What is the meaning of this proverb ?

A) Making a little effort now saves time later.

B) All great things start small.

C) It is easy to forget something if you can't see it.

D) Do something over and over again until you do it well.

78. He is a ____________ of the old block.

Complete the figurative expression.

A) leaf
B) bark
C) root
D) chip

79. I waited ____________ nine O'clock and then went home.

Choose the right preposition.

A) during
B) after
C) from
D) until

80. You have to take an exam ____________ the course. (pass)

Choose the right option.

A) passing
B) to pass
C) have pass
D) for pass

81. My daughter is quite shy. ____________ , she is an aggressive player in the badminton court.

Choose the correct adverb.

A) furthermore
B) consequently
C) necessarily
D) however

82. Identify the correct spelling.

A) colloquial
B) coloquial
C) colloquail
D) coloquail

83. ____________ war never solves anything.

Choose the right determiner.

A) Any
B) The
C) A
D) An

84. The train will arrive at the station at __________ 6.15 PM.

Choose the right adverb.

A) already B) usually C) exactly D) always

85. Rosa Parks was *thrown off* the Montgomery bus for refusing to give up her seat to a white passenger.

Which definition fits the phrase *thrown off* in the above sentence most appropriately ?

A) To make something move through the air

B) To push something out of your hand

C) To catch hold of someone

D) To make someone fall down suddenly

86. They can't decide __________ to travel north __________ south.

Use the right connective.

A) both ... and B) either ... or

C) whether ... or D) neither ... nor

87. Write the synonym of 'akin'.

A) Divergent B) Original

C) Similar D) Duplicate

88. I don't know *if* he is coming. Here *if* is used to

A) Describe a permanent situation

B) Refer to the past

C) Introduce a comparison

D) To express a doubt

89. The house is so dirty. I really *must* clean it. What is the use of the Modal auxiliary ?

A) To express Obligation B) To give Advice

C) To give Permission D) To denote Ability

90. He __________ a large bill at the shopping centre yesterday.

Choose the correct phrasal verb.

A) run of B) ran out of C) ran up D) ran on



KAS Mentor TM

91. ഉറുമ്പ് എന്നർത്ഥം വരുന്ന പദമേത് ?
A) വർവണ
B) ചർവണ
C) മക്ഷിക
D) വമ്രി

92. വിപരീത പദമെഴുതുക – രസം
A) വിരസം
B) നീരസം
C) അതിരസം
D) സരസം

93. സലിംഗ ബഹുവചനമേത് ?
A) മിടുക്കന്മാർ
B) കുട്ടികൾ
C) ജനങ്ങൾ
D) അധ്യാപകർ

94. പിരിച്ചെഴുതുക – ഇന്നീ
A) ഇന്ന് + ഇ
B) ഇ + ന്നീ
C) ഇൻ + നീ
D) ഇ + നീ

95. അറിഞ്ഞുകൊണ്ട് തെറ്റുചെയ്യുക – എന്നർത്ഥം വരുന്ന ശൈലി ഏത് ?
A) ഇലയിട്ടു ചവിട്ടുക
B) പൊടിയിട്ടു വിളക്കുക
C) കടുവാക്കൂട്ടിൽ തലയിടുക
D) അടിക്കല്ല് മാന്തുക

96. 'യാചകൻ' – എതിർലിംഗം എഴുതുക.
A) യാചിക
B) യാചിനി
C) യാചകി
D) യാചി

97. In accordance with – ഉചിതമായ മലയാള പരിഭാഷയേത് ?
A) അതത് സമയത്ത്
B) അതാണാവശ്യം
C) അതനുസരിച്ച്
D) അതിനുപുറമെ

98. ഒറ്റപദമെഴുതുക – ഗുരുവിന്റെ ഭാവം
A) ഗാംഭീര്യം
B) ഗൗരവം
C) ഗംഭീരം
D) ഗൗരം

99. ശരിയായ പദമേത് ?
A) അവധൂതൻ
B) അവദൂതൻ
C) അവദൂധൻ
D) അവധൂദൻ

100. ശരിയായ വാക്യമേത് ?
A) എല്ലാ വെള്ളിയാഴ്ച തോറും അവനെ കാണാറുണ്ട്.
B) അവൻ എല്ലാ ദിവസവും വരും.
C) ഞങ്ങൾ ഓരോ വീടുതോറും നടന്നു കണ്ടു.
D) കൈ ചുമരിന്മേൽ തൊടുവിക്കാതെ വരച്ച ചിത്രം.

KAS Mentor TM